ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന തെരുവുവിളക്കുകൾക്ക് അടിയന്തരമായി മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡെപ്പോസിറ്റുകൾക്ക് പലിശ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല

കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികകൾ

3 (343) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. ഇ. ബി. യിൽ നിലവിൽ എത്ര മസ്ദൂർ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി വിതരണ-സേവന രംഗത്ത് അത്യന്താപേക്ഷിതമായ മസ്ദൂർ തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 521 തസ്തികകൾ, ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	102
കൊല്ലം	5
കോട്ടയം	5
പത്തനംതിട്ട	2
ആലപ്പുഴ	14
എറണാകുളം	16
ഇടുക്കി	26
തൃശ്ശൂർ	110
വയനാട്	76

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	38
പാലക്കാട്	54
കോഴിക്കോട്	0
കണ്ണൂർ	8
കാസർഗോഡ്	75

(ബി) ഒഴിവുള്ള തസ്തികകൾ നിലവിലുള്ള റാങ്കലിസ്റ്റുകളിൽനിന്നും നിയമനം നടത്തുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു.

കെ. എസ്. ഇ. ബി, മസ്ദൂർ/വർക്കർ തസ്തികയിലെ നിയമനം

4 (344) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ കെ. എസ്. ഇ. ബി, മസ്ദൂർ/വർക്കർ തസ്തികയിൽ, നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന്, നാളിതുവരെ എത്രപേർക്ക് നിയമനം നൽകി ;

(ബി) മസ്ദൂർ/വർക്കർ തസ്തികയിലുള്ളവരുടെ പ്രൊമോഷൻ തസ്തികയിലേക്കുള്ള മാനദണ്ഡം വിശദമാക്കാമോ ;

(സി) മസ്ദൂർ/വർക്കർ തസ്തികയിൽ ജോലിചെയ്യുന്ന എത്ര പേർക്ക് നിലവിൽ പ്രമോഷൻ അർഹയുണ്ട് ; അവർക്ക് പ്രമേഷൻ നൽകുന്നതിനുള്ള തടസ്സമെന്ത് ; വിശദമാക്കാമോ ;

(ഡി) അർഹരായ മസ്ദൂർ/വർക്കർമാർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 6 പേർക്ക് നിയമനം നൽകി.

(ബി) മസ്ദൂർ തസ്തികയിലെ സീനിയോരിറ്റിയാണ് ലൈൻമാൻ

LIBRARY ARCHIVES Kerala Legislative Assembly